(ബി) ഇതു സംബന്ധമായി കോർപ്പറേഷൻ സർക്കാരിനയച്ച കത്തുകളുടെയെല്ലാം കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒന്ന്. വികലാംഗക്ഷേമ കോർപ്പറേഷനിൽനിന്ന് എസ്. ഷാജി എന്നയാളെ സാമൂഹ്യ സുരക്ഷാ മിഷനിൽ സ്റ്റേറ്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിൽ പ്രതിമാസം 17500 രൂപ ശമ്പളത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് 18-5-2010-ലെ 532/6/എ1/HPWC/1537 നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വികലാംഗരുടെ ജോലി സംവരണം

91 (6250) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ജനുവരി ഒന്നു മുതൽ കാഴ്ച ഇല്ലാത്തവരുടെയും, മറ്റ് വികലാംഗരുടെയും, തൊഴിൽ നിയമനം പി. എസ്. സി. ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്നാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവിൽ 2004 മുതൽ 2006 വരെ വികലാംഗർക്ക് ലഭിക്കേണ്ട നിയമനങ്ങളിലെ ബാക്ക്‌ലോഗ് 1650 തസ്തികകളാണ് എന്ന് പറയുന്നുണ്ടോ ;

(സി) എങ്കിൽ ഈ കാലയളവിൽ ഇതേ തസ്തികകളിൽ പി. എസ്. സി. നടത്തിയ മൊത്തം നിയമനങ്ങളുടെ മൂന്ന് ശതമാനം കണക്കാക്കിയുള്ള ബാക്ക് ലോഗ് ആയിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ബാക്ക്‌ലോഗ് ഇതിനകം നികത്തുകയുണ്ടായോ ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഇ) എന്നാൽ ഇപ്പോൾ മൊത്തം ഒഴിവുള്ള തസ്തികയുടെ മൂന്ന് ശതമാനം വികലാംഗ സംവരണം എന്നതു മാറ്റി വികലാംഗർക്ക് ചെയ്യാൻ കഴിയുന്ന ജോലികളുടെ മൂന്ന് ശതമാനം എന്നാക്കി ഉത്തരവിറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇങ്ങനെ വന്നാൽ അന്ധന്മാർക്ക് പൂർണ്ണമായും തൊഴിലവസരം നിഷേധിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) വികലാംഗരുടെ ജോലി സംവരണം അട്ടിമറിക്കുന്നതിനേ പുതിയ നീക്കം ഉതകൂ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 28-6-2007-ലെ സ.ഉ.(പി)നം.32/07/സാക്ഷേവ, 15-9-2007-ലെ സ.ഉ.(പി)നം.50/7/സാക്ഷേവ, 19-5-08-ലെ സ.ഉ.(പി)നം.31/08/സാക്ഷേവ, എന്നീ ഉത്തരവുകൾ പ്രകാരം 3% സംവരണമനുസരിച്ചുള്ള എല്ലാ വികലാംഗ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അതെ.

(ഡി) 2004 മുതൽ 2006 വരെയുള്ള വികലാംഗർക്കർഹതപ്പെട്ട ബാക്ക്ലോഗ് ഒഴിവുകൾ നികത്തുന്നതിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനായുള്ള അംഗീകാരത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) 1995-ലെ PWD ആക്ട് പ്രകാരം വികലാംഗർക്ക് അനുയോജ്യമെന്ന് കണ്ടെത്തിയ തസ്തികകളിലാണ് വികലാംഗർക്ക് സംവരണ നിയമനം നൽകേണ്ടത്. ഇതനുസരിച്ച് വികലാംഗർക്ക് 3% സംവരണം നൽകേണ്ട കാറ്റഗറികൾ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ട്.

(എഫ്) വികലാംഗരിലെ ഏതെങ്കിലും വിഭാഗത്തിന് സംവരണത്തിൽ നഷ്ടം വരാൻ സാദ്ധ്യതയില്ല. കാരണം 1:1:1 എന്ന അനുപാതത്തിൽ നിയമനം നല്കുമ്പോൾ ആദ്യ അവസരം ലഭിക്കുന്നത് അന്ധർ/കാഴ്ചക്കുറവുള്ളവർ വിഭാഗത്തിനാണ്.

(ജി) ഇല്ല. വികലാംഗരുടെ ജോലി സംവരണം കൂടുതൽ വിഭാഗം തസ്തികകളിൽ ഉറപ്പാക്കുന്നതിനും സമയബന്ധിതമായി പി.എസ്.സി. വഴി നിയമനം നടത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചതു വഴി ജോലി സാധ്യത വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഫീസുകൾ കളക്ടറേറ്റിനോടൊപ്പം സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കണമെന്ന ഉത്തരവ്

92 (6251) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാതലത്തിലുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഫീസുകൾ അതാത് കളക്ടറേറ്റിനോടൊപ്പം സിവിൽ സ്റ്റേഷനിൽ പ്രവർത്തിപ്പിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly